6. മലപ്പുറം
7. വയനാട്
8. കോഴിക്കോട്
9. കാസർകോഡ്

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

അസിസ്റ്റന്റ് കമാണ്ടന്റുമാരുടെ പ്രൊമോഷൻ

72 [1588] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബറ്റാലിയനുകളിൽ അസിസ്റ്റന്റ് കമാൻഡന്റുമാരായി ജോലി നോക്കുന്ന ഓഫീസർമാർ പത്ത്-പതിനൊന്ന് വർഷമായി ഇതേ തസ്തികയിൽത്തന്നെ ജോലി നോക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതും, സർവീസ് റെഗുലറൈസ് ചെയ്തിട്ടില്ലാത്തതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ;

(സി) ഡെപ്യൂട്ടി കമാൻഡന്റുമാരായി ജോലി നോക്കുന്ന ഉദ്യോഗസ്ഥരെ കമാൻഡന്റുമാരായി പ്രൊമോട്ടു ചെയ്യുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്പോർട്ട്സ് ക്വാട്ടയിൽ നിയമിതരായ എ. പി. ഐ./അസിസ്റ്റന്റു കമാണ്ടന്റുമാരുടെ സീനിയോറിറ്റി സംബന്ധമായി നിരവധി തർക്കങ്ങളും നിരവധി കോടതിക്കേസുകളും നിലവിലുള്ളതിനാൽ ഇവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുവാൻ സാധിച്ചിട്ടില്ല.

(സി) ബറ്റാലിയനുകളിലെ പ്രൊമോഷൻ സാധ്യതകളെക്കുറിച്ച് പഠനം നടത്തി എ.ഡി. ജി. പി. കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുവാൻ എ. ഡി. ജി. പി. ക്രൈംസി നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അത് പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly